പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3522 | 20.06.2019- ൽ മറുപടിക്ക് |
|---|---|

## പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സി.ജോസഫ് : | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഉണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് പുനരധിവാസപ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിൽ ഏതൊക്കെ വിദേശരാജ്യങ്ങളാണ് സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളത്; രേഖാമൂലം ഏതെങ്കിലും രാജ്യം സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) & (ബി) | സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് യു.എ.ഇ അടക്കമുള്ള രാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ ലഭിച്ച ധനസഹായങ്ങൾ ഏതൊക്കെയാണ്; | | |
| (സി) | ധനസഹായം നേരിട്ട് അഭ്യർത്ഥിക്കുവാൻ മുഖ്യമന്ത്രി ഏതൊക്കെ വിദേശരാജ്യങ്ങളാണ് സന്ദർശിച്ചത്; | (സി) | പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി പ്രവാസി മലയാളികളുടെ സഹായവും സഹകരണവും അഭ്യർത്ഥിക്കുന്നതിനായി ബഹു. മുഖ്യമന്ത്രി 2018 ഒക്ടോബറിൽ യു.എ.ഇ സന്ദർശിച്ചിരുന്നു. |
| (ഡി) | പ്രസ്തുത സന്ദർശനത്തിന്റെ ഫലമായി ലഭിച്ച സഹായത്തിന്റെ വിശദാംശവും ക്രൗഡ് ഫണ്ടിംഗ് പ്രകാരം ലഭിച്ച തുകയുടെ വിശദാംശവും ലഭ്യമാക്കുമോ; | (ഡി) | ക്രൗഡ് ഫണ്ടിങ് വഴിയായി ഇതുവരെ 1,26,41,00.6 രൂപ ലഭിച്ചിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായി വിദേശ മലയാളികളുടെ സാങ്കേതികസഹായം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ഇ) | നിലവിൽ ലഭ്യമായിട്ടില്ല. എന്നാൽ ഇത് സംബന്ധിച്ച് ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നും സാങ്കേതികസഹായ വാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ